**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- 31-10-2018-ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ പെരിങ്ങോം താലൂക്ക് ആശുപത്രിയിലെ കിടപ്പ് രോഗികൾക്ക് പ്രഭാത ഭക്ഷണം നൽകൽ എന്ന പ്രോജക്ടിന് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2992/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/11/2018

---

പരാമർശം 1. സ.ഉ.(കൈ.)നം.11/2018/ത.സ്വ.ഭ.വ. തീയതി 29/1/2018.

2. കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.09.2018-ലെ 360/18/സിസി/ഡി.പി.സി/ഡി.പി.ഒ./കണ്ണൂർ നമ്പർ കത്ത്.

3. 31.10.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.7(i)-ാം നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്നും 1,00,000/-(ഒരു ലക്ഷം രൂപ) വകയിരുത്തി പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത രോഗികൾക്ക് കുടുംബശ്രീ മുഖേന ഭക്ഷണം നൽകൽ എന്ന പ്രോജക്ട് (പ്രോ.നം.58/18) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കിയിരുന്നു. പദ്ധതിക്ക് വെറ്റിംഗ് ഓഫീസറായ ജില്ലാ മെഡിക്കൽ ആഫീസറും അനുമതി നല്കിയിട്ടുണ്ട്. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സൂചന(1) മാർഗ്ഗരേഖ പ്രകാരം ഭക്ഷണ വിതരണ പരിപാടികൾ ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പദ്ധതി ആയിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ ഈ പ്രോജക്ടിന് സാധൂകരണം നൽകണമെന്ന പരാമർശം (2) പ്രകാരമുള്ള ജില്ലാ പ്ലാനിംഗ് ഓഫീസറുടെ അപേക്ഷ പരാമർശം (3) പ്രകാരം സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ 'പെരിങ്ങോം താലൂക്ക് ആശുപത്രിയിലെ കിടപ്പ് രോഗികൾക്ക് കുടുംബശ്രീ മുഖേന ഭക്ഷണം നൽകൽ' എന്ന പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ പ്രോജക്ടിന് (പ്രോ.നം.58/18 സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോള് എബ്രഹാം**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ

പ്രസിഡണ്ട്/സെക്രട്ടറി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 201 11 17:03:16
IST
Reason: Approved
സെക്ഷൻ ഓഫീസർ